(എഫ് & ജി) കേരളാ ഹൗസിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാനും കൂടുതൽ കാര്യക്ഷമമായ സേവനം ലഭ്യമാക്കുവാനുമുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

87 [2704] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ ഘടന എന്താണ്;

(ബി) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) ഇതിന്റെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ നിയന്ത്രണത്തിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനും ടൂറിസ്റ്റ് ഗൈഡുകളെ നിയോഗിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും ചേർന്നതാണ് ഡി. ടി. പി. സി.-കളുടെ ഘടന. ഗവേണിംഗ് ബോഡിയിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലും എം. എൽ. എ./എം. പി.-മാരുൾപ്പെടെയുള്ള ജനപ്രതിനിധികളും, വിവിധ സർക്കാർ വകുപ്പുകളുടെ പ്രതിനിധികളും ടൂറിസം രംഗത്തെ പ്രമുഖവ്യക്തികളും/സ്ഥാപനങ്ങളുടെ പ്രതിനിധികളും ഉൾപ്പെടുന്നു.

(ബി) ജില്ലാതലത്തിലുള്ള ടൂറിസം പദ്ധതികളുടെ നടത്തിപ്പ്, ഏകോപനം, ടൂറിസം ക്ലബ്ബുകളുടെ പ്രവർത്തനം, ഹോംസ്റ്റേ സംവിധാനത്തിന്റെ ഏകോപനം, വിനോദ സഞ്ചാരത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ടൂറിസം ബോധവൽക്കരണം, ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങളുടെ ശുചീകരണം മുതലായവയാണ് നടത്തുന്നത്.

2/676/2012—19.

LIBRARY ARCHIVES Kerala Legislative Assembly

(സി) 3-1-2005-ലെ ജി. ഒ. (എംഎസ്.) 05/05/ജിഎഡി നം. സർക്കാർ ഉത്തരവ് പ്രകാരം ഡി. ടി. പി. സി.-കളെ പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) പരിശോധിക്കാവുന്നതാണ്.

ടൂറിസം മേഖലയിലെ ആയുർവേദ ചികിൽസാ കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകാൻ നടപടി

88 [2705] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിനോദസഞ്ചാരികൾക്ക് ആയുർവേദ ചികിൽസ നൽകാനെന്ന പേരിൽ നിരവധി ചികിൽസാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളോടനുബന്ധിച്ച് ആയുർവേദ ചികിൽസാ കേന്ദ്രങ്ങളിൽ സഞ്ചാരികൾ വഞ്ചിതരാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ടൂറിസം മേഖലയിൽ സംസ്ഥാനത്ത് ആയുർവേദ ചികിൽസാ കേന്ദ്രങ്ങൾക്ക് സർക്കാർ ലൈസൻസ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം; ആർക്കൊക്കെയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. ഇത് കർശനമായി നിയന്ത്രിക്കുന്നതിലേക്കായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആയുർവേദ ചികിത്സാകേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകുന്നത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ്. എന്നാൽ ടൂറിസം വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പുലർത്തുന്ന ആയുർവേദ കേന്ദ്രങ്ങൾക്ക് അംഗീകാരവും സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രീൻലീഫ്, ഒലിവ് ലീഫ് എന്നീ ക്ലാസിഫിക്കേഷനും നല്കാറുണ്ട്. അംഗീകാരം നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം XVII

LIBRARY ARCHIVES Kerala Legislative Assembly